ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 11-ാം റെയിസിന സംഭാഷണത്തിൽ പങ്കെടുക്കാനായി ഫിൻലാൻറ് പ്രസിഡൻറ് അലക്സാണ്ടർ സ്റ്റബ് ഇന്ത്യയിൽ. സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ പുതിയ ഉയരങ്ങളിലെത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Finnish President Alexander Stubbs in India to attend 11th Raisina Dialogue. PM Narendra Modi says visit will take ties between two countries to new heights**
2. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. ടെഹ്റാനിലെ ആഭ്യന്തരസുരക്ഷാ കമാൻറ് കേന്ദ്രങ്ങളെ ആക്രമിച്ച് ഇസ്രായേൽ. ഇസ്രായേലിലും യു.എസ്. സൈനിക താവളങ്ങളിലും തിരിച്ചടിച്ച് ഇറാൻ.

   **Tensions escalate in the Middle East. Israel attacks internal security command centers in Tehran. Iran retaliates by attackingt Israeli and US military bases.**
3. ഇന്ത്യയും മ്യാൻമാറും തമ്മിൽ ജനകേന്ദ്രീകൃത സഹകരണമാണുള്ളതെന്ന് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ.

   **External Affairs Minister S. Jaishankar said that there is a people-centered cooperation between India and Myanmar.**
4. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കൊച്ചിയിൽ.

**Chief Election Commissioner Gyanesh Kumar will be in Kochi tomorrow to assess the preparations ahead of the assembly elections.**

5. **മത്സ്യ ഫെഡിനെ അമുലിന് സമാനമായ മാതൃക സഹകരണ സ്ഥാപനമായി മാറ്റിയെടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.**

**Union Minister of State George Kurien has said that the central government is ready to transform Matsya Fed into a model cooperative similar to Amul.**

6. **ഐസിസി ടി-20 ലോകകപ്പിലെ ഒന്നാം സെമിയിൽ ന്യൂസിലൻറിനെതിരെ ദക്ഷിണാഫ്രിക്ക ബാറ്റ് ചെയ്യുന്നു.**

**South Africa battingt against New Zealand in the first semi-final of the ICC T20 World Cup.**

❁❁❁❁❁❁❁❁❁❁❁❁❁

## FINLAND PRESIDENT VISIT

ഫിൻലൻഡ് പ്രസിഡൻറ് അലക്സാണ്ടർ സ്റ്റബ്ബിൻറെ ഇന്ത്യ സന്ദർശനം ഇരുരാജ്യങ്ങൾക്കുമിടയിലെ ബന്ധത്തെ പുതിയ ഉയരങ്ങളിലേക്കെത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. റെയ്സിന ഡയലോഗിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതിനായി ഇന്ന് രാവിലെയാണ് ഫിൻലൻഡ് പ്രസിഡൻറ് ന്യൂഡൽഹിയിലെത്തിയത്. സന്ദർശനം ഫിൻലാൻഡും ഇന്ത്യയും തമ്മിലുള്ള വ്യാപാര ബന്ധങ്ങളെയുൾപ്പെടെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അലക്സാണ്ടർ സ്റ്റബ് സമൂഹ മാധ്യമത്തിൽ കുറിച്ചു. വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗിൻറെ നേതൃത്വത്തിലാണ് അദ്ദേഹത്തെ

ഇന്ത്യയിലേക്ക് സ്വീകരിച്ചത്. വിമാനത്താവളത്തിൽ ഫിൻലാൻഡ് പ്രസിഡന്റിന് ആചാരപരമായ സ്വീകരണവും ഗാർഡ് ഓഫ് ഓണറും നൽകി. ഈ മാസം 7 വരെയാണ് സന്ദർശനം.

❁❁❁❁❁❁❁❁❁❁❁❁❁

## ISRAEL STRIKE

ബസിജ് സൈനിക കേന്ദ്രത്തിലും ടെഹ്റാനിലെ ആഭ്യന്തര സുരക്ഷാ കമാൻഡ് കേന്ദ്രങ്ങളിലും ഇസ്രായേൽ ആക്രമണം നടത്തിയതോടെ പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി. ഇറാനിൽ ആക്രമണങ്ങളിൽ ഇതുവരെ 1,097 സാധാരണക്കാർ കൊല്ലപ്പെട്ടതായാണ് യു എസ് ആസ്ഥാനമായ വാർത്ത ഏജൻസി അറിയിച്ചത്. ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിലെ ഹെസ്ബൊള്ള കേന്ദ്രങ്ങളിലും ആക്രമണം നടത്തിയെന്ന് ഇസ്രായേൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## IRAN ATTACK

ഇസ്രായേലിലും യു.എസ്. സൈനിക താവളങ്ങളിലും ആക്രമണം നടത്തി ഇറാൻ .ഇസ്ലാമിക് റവല്യൂഷൻ ഗാർഡ് കോർപ്സ് അറിയിച്ചതാണിത്. ഇറാനിൽ ആക്രമണമുണ്ടായതിന് പിന്നാലെ 230 ഡ്രോണുകൾ ഉപയോഗിച്ച് ഇറാഖിലെയും കുവൈറ്റിലെയും യു.എസ്. താവളങ്ങളാണ് ആക്രമിച്ചത്.

## US ADMIRAL

തിരിച്ചടിക്കാനുള്ള ഇറാൻറെ ശക്തി അതിവേഗം കുറഞ്ഞ് വരികയാണെന്ന് യു.എസ്. സെൻട്രൽ കമാൻഡ് കമാൻഡർ അഡ്മിറൽ ബ്രാഡ് കൂപ്പർ .100 മണിക്കൂറിനുള്ളിൽ രണ്ടായിരത്തോളം ലക്ഷ്യങ്ങളിൽ ആക്രമണം നടത്തിയെന്ന് അദ്ദേഹം പറഞ്ഞു. ഇറാൻറെ 100 കണക്കിന് ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും നശിപ്പിച്ചു. അതേസമയം കുവൈറ്റിൽ ഉണ്ടായ ഡ്രോൺ ആക്രമണത്തിൽ നാല് യു.എസ്. സൈനികർ കൊല്ലപ്പെട്ടു.

## IRAN–IAEA

ഇറാൻ ആണവ ബോംബ് നിർമ്മിക്കുന്നതിന് ഒരു തെളിവും ലഭിച്ചിട്ടില്ലെന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി ഡയറക്ടർ ജനറൽ മരിയാനോ ഗ്രോസി. എന്നാൽ ഇറാൻറെ പക്കൽ ആണവ ആയുധം നിർമ്മിക്കാൻ കഴിയുന്ന വിധത്തിലുള്ള സമ്പുഷ്ടീകരിച്ച യുറേനിയത്തിൻറെ വൻ ശേഖരമുണ്ടെന്നും ഇത് ഉത്കണ്ഠ ഉളവാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

## CYPRUS ATTACK

അതേസമയം, സൈപ്രസിൽ ആക്രമണമുണ്ടായ പശ്ചാത്തലത്തിൽ പടക്കപ്പലുകളും വ്യോമപ്രതിരോധ സംവിധാനങ്ങളും വിന്യസിക്കുകയാണ് ബ്രിട്ടനും ഫ്രാൻസും. സൈപ്രസിൻറെ സുരക്ഷയ്ക്ക് പ്രതിജ്ഞാബദ്ധമാണെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാമർ പറഞ്ഞു. വിമാനവാഹിനി കപ്പലായ ചാൾസ് ഡി ഗല്ലെയ്ക്ക് മെഡിറ്ററേനിയൻ കടലിലേക്ക് നീങ്ങാൻ നിർദ്ദേശം നൽകിയതായി ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SC IRIS DENA

ശ്രീലങ്കയുടെ തെക്കൻ തീരത്ത് ഗലെയ്ക്ക് 40 നോട്ടിക്കൽ മൈൽ അകലെ ഇറാൻ പടക്കപ്പൽ മുങ്ങി. അന്തർവാഹിനിയിൽ നിന്ന് ആക്രമണമുണ്ടായെന്നാണ് സംശയം. ആക്രമണത്തിൽ 101 പേരെ കാണാതായി. 78 പേർക്ക് പരിക്കേറ്റെന്നാണ് വിവരം. അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ശ്രീലങ്കൻ നാവികസേന സഹായവുമായെത്തി. പടക്കപ്പലിലെ നിരവധി നാവികരെ രക്ഷപ്പെടുത്തി. രക്ഷപ്പെടുത്തിയതിൽ ഒരാളുടെ നില ഗുരുതരമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## CANADA PM WEST ASIA

പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷം അന്താരാഷ്ട്ര വ്യവസ്ഥകളുടെ പരാജയമാണെന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക് കാർണി. ഇറാനെ ആക്രമിക്കും മുമ്പ് യു.എസ്. സഖ്യരാഷ്ട്രങ്ങളെ ബന്ധപ്പെട്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ഇറാൻറെ ആണവ പരിപാടിയുമായി ബന്ധപ്പെട്ട് ശനിയാഴ്ച മുതലാണ് യു.എസും ഇസ്രായേലും ഇറാനെ ആക്രമിക്കാൻ തുടങ്ങിയത്.

## CBSE – EXAM

സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യൻ മേഖലകളിൽ നാളെയും മറ്റെന്നാളും നടത്താനിരുന്ന CBSE 10,12 ക്ലാസുകളിലെ പരീക്ഷകൾ മാറ്റിവെച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും. മാർച്ച് 7 മുതലുള്ള പരീക്ഷകളുടെ കാര്യം നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തിയ ശേഷം നാളെ തീരുമാനിക്കുമെന്നും CBSE അറിയിച്ചു.

## EAM MYANMAR

ജനകേന്ദ്രീകൃത സഹകരണമാണ് ഇന്ത്യയും മ്യാൻമാറും തമ്മിൽ ഉള്ളതെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. തുടരുന്ന സഹകരണം, വ്യാപാരം വർദ്ധിപ്പിക്കുകയും ജനങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുകയും ചെയ്യും. ഇന്ത്യയുടെ വിദേശനയത്തിൽ മ്യാൻമാറിന് മുന്തിയ പരിഗണനയാണ് ഉള്ളതെന്നും ശ്രീ ജയശങ്കർ പറഞ്ഞു.

സർസോ ബെയ്ക്മാൻ സാഹിത്യ കേന്ദ്രത്തിൻറെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മ്യാൻമാറിലെ പ്രാചീന-നാടോടി സാഹിത്യത്തിൻറെ സംരക്ഷണത്തിന് കേന്ദ്രം സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**CEC KOCHI VISIT – INTRO**

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കൊച്ചിയിലെത്തും. കന്നി വോട്ടർമാരുമായും അദ്ദേഹം സംവദിക്കും

***ഒരു റിപ്പോർട്ട്....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**CEC KOCHI VISIT – (VOICE)**

മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ചർച്ചകൾ നടത്തും. കൊച്ചിയിലെ ഗോശ്രീ പാലം, ദർബാർ ഹാൾ ഗ്രൗണ്ട്, മറൈൻഡ്രൈവ്, ചീനവല പാലം, ചെറായി ബീച്ച്, മ്യൂസിക്കൽ വാക്ക് വേ എന്നിവിടങ്ങൾ അദ്ദേഹം സന്ദർശിക്കും. തുടർന്ന് കന്നി വോട്ടർമാരുമായി

സംവദിക്കുകയും ചെയ്യും. അതെസമയം, നിയമസഭാ തിരെഞ്ഞടുപ്പ് സ്വതന്ത്രവും നീതിയുക്തവുമാക്കുന്നതിന്റെ ഭാഗമായി ആദായനികുതി വകുപ്പ് സമഗ്രമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. തെരഞ്ഞെടുപ്പിൽ കണക്കിൽപ്പെടാത്ത പണം ഉപയോഗിക്കുന്നത് തടയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സമയത്ത് പണം മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ നീക്കത്തെക്കുറിച്ച് സംസ്ഥാനത്തെ ആദായനികുതി ഡയറക്ടറേറ്റിലെ അന്വേഷണ വിഭാഗം കർശന നിരീക്ഷണം നടത്തും. 1800- 425- 3173 എന്ന ടോൾഫ്രീ നമ്പറിലും 85 47 00 20 30 എന്ന മൊബൈൽ നമ്പറിലും ജനങ്ങൾക്ക് വിവരങ്ങൾ അറിയിക്കാം. വിവരങ്ങൾ കൈമാറുന്നവരുടെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല. നിയമസഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്നത് മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ കൺട്രോൾ റൂം പ്രവർത്തനക്ഷമമായി തുടരും.

*ന്യൂസ് ഡെസ്ക്, ആകാശവാണി*

## VICE PRESIDENT TRIPURA VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഈ മാസം 7 ന് ത്രിപുരയിലെ അഗർത്തലയിൽ എത്തും. ത്രിപുര

സർവകലാശാലയുടെ 14-ാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ത്രിപുര സുന്ദരി ക്ഷേത്രത്തിൽ ശ്രീ സി.പി. രാധാകൃഷ്ണൻ ദർശനം നടത്തും . അഗർത്തലയിയിൽ സ്വയം സഹായ സംഘങ്ങളിലെ വനിതാ അംഗങ്ങളുമായും ലഖ്പതി ദീദികളുമായും സംവദിക്കും

## SIR – KERALA

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

## GEORGE KURIAN (INTRO)

അഖിലേന്ത്യാ തലത്തിൽ മത്സ്യ ഫെഡിനെ അമുലിന് സമാനമായ മാതൃക സഹകരണ സ്ഥാപനമായി മാറ്റിയെടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. പിഎം

വികാസ് പദ്ധതിക്ക് കീഴിലെ മത്സ്യ ശക്തി പ്രോജക്ടിൻ്റെ ഭാഗമായുള്ള ഏകദിന ശില്പശാല വിഴിഞ്ഞം സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

❁❁❁❁❁❁❁❁❁❁❁❁❁

**S S L C**

സംസ്ഥാനത്ത് എസ് എസ് എൽ സി പരീക്ഷകൾ നാളെ ആരംഭിക്കും. മൂവായിരത്തോളം കേന്ദ്രങ്ങളിലായി നാലേകാൽ ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷയെഴുതും. ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ പൊതു പരീക്ഷകൾ നാളെയും രണ്ടാം വർഷ പരീക്ഷകൾക്ക് മറ്റന്നാളുമാണ് തുടങ്ങുക.

❁❁❁❁❁❁❁❁❁❁❁❁❁

**ICC T-20**

ICC ട്വൻ്റി - 20 ലോകകപ്പിലെ ഒന്നാം സെമിയിൽ കൊൽക്കത്തയിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്ക ബാറ്റ് ചെയ്യുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ദക്ഷിണാഫ്രിക്ക ആറ് ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 48 റൺസ് നേടിയിട്ടുണ്ട്.

നാളെ മുംബൈയിൽ നടക്കുന്ന രണ്ടാം സെമിയിൽ ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും.

## GUJARAT HPV VACCINE-GCRI

ഗർഭാശയഗള അർബുദം പ്രതിരോധിക്കാനുള്ള വാക്സിന് എതിരെയുള്ള പ്രതികരണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് ഗുജറാത്ത് അർബുദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധ ഡോക്ടർമാർ. വാക്സിൻ പൂർണ്ണമായും സുരക്ഷിതവും പെൺമക്കളെ അർബുദത്തിൽ നിന്ന് രക്ഷിക്കാൻ അത്യാവശ്യവുമാണെന്ന് ഡോക്ടർമാർ അറിയിച്ചു. വാക്സിനും വന്ധ്യതയും തമ്മിൽ ബന്ധമില്ലെന്ന് ലോകാരോഗ്യസംഘടനയുടെ ഉപദേശസമിതി വ്യക്തമാക്കിയിട്ടുണ്ട്. ഗുരുതര സ്വഭാവമുള്ള പാർശ്വഫലങ്ങളും വാക്സിനില്ല. നൂറിലധികം രാജ്യങ്ങൾ അവരുടെ ദേശീയ പരിപാടികളിൽ വാക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## HOLI

നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷിച്ച് രാജ്യം. തിന്മയ്ക്ക് മേൽ നന്മയുടെ വിജയവും വസന്തകാലത്തിൻറെ ആരംഭവും കുറിക്കുന്നതാണ് ആഘോഷം. രാഷ്ട്രപതി ദ്രൗപദി മുർമ്മു , ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ ജനങ്ങൾക്ക് ഹോളി

ആശംസകൾ നേർന്നു. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻറണി അൽബനീസും ആശംസ അറിയിച്ചു.

## MAHA–ACCIDENT

മുംബൈയിലെ സുഭാഷ് നഗറിൽ നിർമ്മാണത്തിലിരുന്ന കെട്ടിടം തകർന്ന മൂന്ന് പേർ മരിച്ചു. പരിക്കേറ്റ മൂന്ന് പേരുടെ നില ഗുരുതരമായി തുടരുന്നു. സുരക്ഷാ മുൻകരുതൽ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് നിർമ്മാണ ചുമതല വഹിച്ച വ്യക്തിക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## BADMINTON

ഓൾ ഇംഗ്ലണ്ട് ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ സഖ്യമായ സാത്വിക് സായ് രാജ് റെങ്കി റെഡ്ഡി, ചിരാഗ്ഷെട്ടി സഖ്യം ഇന്ന് കളത്തിലിറങ്ങും. മലേഷ്യൻ സഖ്യത്തെയാണ് നേരിടുക. പുരുഷ സിംഗിൾസിൽ ആയുഷ്ഷെട്ടിയും ഇന്ന് മത്സരത്തിനിറങ്ങും. മിക്സഡ് ഡബിൾസിൽ രോഹൻ കപൂർ–റുത്വിക ഗഡെ സഖ്യവും ഇന്ന് കളിക്കാനിറങ്ങും.

बहुजनहिताय बहुजनसुखाय
आकाशवाणी